**പതിനാലാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 66.** **23.01.2018 ൽ മറുപടിക്ക്**

## ഡേറ്റാ സെന്റർ

| **ചോദ്യം** | | **മറുപടി** |
|---|---|---|
| **ശ്രീ.ഐ.സി.ബാലകൃഷ്ണൻ** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) സംസ്ഥാന സർക്കാരിന്റെ ഡേറ്റാ സെന്ററിന്റെ നടത്തിപ്പ് പൊതു മേഖലാ സ്ഥാപനമായ കെൽട്രോണിൽ നിന്ന് മാറ്റി സ്വകാര്യ കമ്പനിയെ ഏല്പിക്കുവാൻ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ; | (എ) യും (ബി) യും | സർക്കാരിന്റെ കീഴിൽ രണ്ട് ഡാറ്റാ സെന്ററുകളാണ് പ്രവർത്തിച്ചുവരുന്നത്. ഡാറ്റാ സെന്റർ-I, II എന്നിവയുടെ പ്രവർത്തനത്തിന്റെയും പരിപാലനത്തിന്റെയും ചുമതല യഥാക്രമം കെൽട്രോണും സിഫി ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡുമാണ് നിർവ്വഹിച്ചു വരുന്നത്. രണ്ട് ഡാറ്റാ സെന്ററുകളുടെയും ഓപ്പറേറ്റർമാരുടെ പ്രവർത്തന കാലാവധി അവസാനിച്ച മുറയ്ക്ക് ഭരണ നിർവ്വഹണ സൗകര്യാർത്ഥം രണ്ടു ഡേറ്റാ സെന്ററുകൾക്ക് കൂടി ഒരു പൊതു ഓപ്പറേറ്ററെ തെരഞ്ഞെടുക്കുന്നതിനുള്ള ടെൻഡർ നടപടികൾ പൂർത്തീകരിക്കുകയുണ്ടായി. |
| (ബി) ഇതിനായി ടെൻഡർ ക്ഷണിച്ചിട്ടുണ്ടോ; ഏതൊക്കെ കമ്പനികളാണ് അപേക്ഷ നൽകിയത് എന്ന് വിശദമാക്കാമോ? | | കെൽട്രോൺ, വിപ്രോ ടെക്നോളജീസ്, സിഫി ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ് എന്നീ കമ്പനികളാണ് ടെൻഡറിൽ പങ്കെടുത്തത്. ഡാറ്റാ സെന്റർ നടത്തിപ്പിനാവശ്യമായതും കേന്ദ്ര സർക്കാർ ഏജൻസിയായ സി-ഡാക് തയ്യാറാക്കിയതുമായ ടെൻഡർ നിബന്ധനകൾ പ്രകാരമുള്ള സാങ്കേതിക പരിചയത്തിന്റെ അപര്യാപ്തത കാരണം കെൽട്രോണിന്റെ ടെൻഡർ പരിഗണിക്കാൻ കഴിഞ്ഞില്ല. സാങ്കേതിക യോഗ്യതയുള്ള മറ്റു രണ്ടു കമ്പനികളിൽ കുറഞ്ഞ തുക രേഖപ്പെടുത്തിയ സിഫി ടെക്നോളജീസ് എന്ന കമ്പനിയ്ക്ക് വർക്ക് ഓർഡർ നൽകുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**